**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 307** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ പുത്തൂർക്കടവ് പാലം നിർമ്മാണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. റോണി. കെ. ബേബി

ശ്രീ. കെ. എം. ഷാജി
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

**(എ)** കാഞ്ഞിരപ്പള്ളി നിയോജക മണ്ഡലത്തിൽ പി എം ജി എസ് വൈ പദ്ധതി പ്രകാരം ഭരണാനുമതി ലഭിച്ച പുത്തൂർക്കടവ് പാലം നിർമ്മാണത്തിന്റെ ഇതുവരെയുള്ള പുരോഗതി വിശദമാക്കുമോ;

**<u>മറുപടി:</u>** പുത്തൂർക്കടവ് പാലത്തിന്റെ നിർമ്മാണ പ്രവൃത്തി ചെയ്യുന്നതിന് 12.03.2026-ൽ എഗ്രിമെന്റ് വച്ച് കരാറുകാരന് സൈറ്റ് കൈമാറിയിട്ടുണ്ട്. പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**(ബി)** പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി ആരംഭിക്കാൻ കഴിയാത്തതിന് കാരണം വിശദമാക്കുമോ?

**<u>മറുപടി:</u>** പ്രസ്തുത പ്രവൃത്തിക്കായി 26.10.2024, 30.10.2024, 28.12.2024 തീയതികളിൽ ക്ഷണിച്ച ടെണ്ടറുകൾക്ക് പ്രതികരണം ഉണ്ടായില്ല. തുടർന്ന്, 18.01.2025 തീയതിയിൽ ക്ഷണിച്ച ക്വട്ടേഷന് ഒരു കരാറുകാരൻ 49% ഉയർന്ന നിരക്കിൽ ക്വട്ടേഷൻ സമർപ്പിച്ചുവെങ്കിലും negotiation-ന് തയ്യാറായിരുന്നില്ല. അതിനാൽ 19.02.2025-ൽ വീണ്ടും ക്വട്ടേഷൻ ക്ഷണിക്കുകയും മറ്റൊരു കരാറുകാരൻ 26% ഉയർന്ന നിരക്കിൽ ക്വട്ടേഷൻ സമർപ്പിക്കുകയും negotiation ചെയ്തത് പ്രകാരം 25% ആയി കുറയ്ക്കുകയും ചെയ്തു. എങ്കിലും, 25% എന്ന ഉയർന്ന നിരക്കും അധികമായതിനാൽ, നടപടിക്രമങ്ങൾ പൂർത്തിയാക്കി ടി ടെണ്ടർ എക്സസിന് 05.03.2026-ന് അംഗീകാരം നൽകുകയും ചെയ്തു.

**സെക്ഷൻ ഓഫീസർ**